## തിരുവനന്തപുരം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം :-ആ.വ.ഡ-ജീവനക്കാര്യം - ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ച് സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) ഉത്തരവ് നം. ഇഇ 4-74791/2021/ആ.വ.ഡ തീയതി.29/07/2021

2)ഉത്തരവ് നം.ഇഇ 4-74791/2021/ആ.വ.ഡ തീയതി. 04/08/2021.

3) ശ്രീ ഷാജി കാട്ടിക്കോട്ടായലിന്റെ അപേക്ഷ

**ഉത്തരവ് നം .ഇ.ഇ 4- 74791 / 2021/ആ.വ.ഡ തീയതി. 01/09/2021**

ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസിലേക്ക് നിയമനം ലഭിച്ച ശ്രീ. ഷാജി കാട്ടിക്കോട്ടായിൽ പരാമർശം (3) പ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

ഫാർമസിസ്റ്റ് ഗ്രേഡ്-II പി.എസ്.സി റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിനാൽ ഫാർമസിസ്റ്റിന്റെ സ്ഥാനക്കയറ്റ തസ്തികയിൽ സ്ഥാനക്കയറ്റം വേഗത്തിലാക്കി തുടർന്ന് വരുന്ന ഫാർമസിസ്റ്റ് ഗ്രേഡ് -II ഒഴിവുകൾ പി.എസ്.സിയ്ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിനായി സീനിയറായ ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതെ ജൂനിയറായ ഫാർമസിസ്റ്റ് ഗ്രേഡ്-I ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിലവിൽ ഉണ്ടായിരുന്ന ഒഴിവുകൾ നികത്തി. ഇപ്രകാരം കണ്ണൂർ ജില്ലയിൽ നിലവിൽ വന്ന പി.എസ്.കെ ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരം ജൂനിയറായ ജീവനക്കാരന് നിയമനം നൽകി.

എന്നാൽ കണ്ണൂർ ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന ശ്രീ .ഷാജി കാട്ടിക്കോട്ടായലിന്റെ അപേക്ഷ പരിഗണിച്ച് ടി ജീവനക്കാരന് താഴെ പറയും പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| പേര് | നിലവിലെ സ്ഥാപനം | സ്ഥലംമാറ്റം നൽകിയ സ്ഥാപനം |
|---|---|---|
| ശ്രീ.ഷാജി കാട്ടിക്കോട്ടായിൽ | എഫ്.ഡബ്ല്യൂ സ്റ്റോർ ജില്ലാ മെഡിക്കൽ ഓഫീസ്, ആലപ്പുഴ | താലൂക്കാശുപത്രി, തളിപ്പറമ്പ് കണ്ണൂർ |

പരാമർശം (2) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച താഴെ പറയുന്ന ജീവനക്കാരന്റെ നിയമനം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

| പേര് | നിലവിലെ സ്ഥാപനം | സ്ഥലംമാറ്റം പുനഃക്രമീകരിച്ച് നിയമനം നൽകിയ സ്ഥാപനം |
|---|---|---|
| ശ്രീ.ദിനേശ് മാണിക്കോത്ത് | പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുതാഴം കണ്ണൂർ | എഫ്.ഡബ്ല്യൂ സ്റ്റോർ ജില്ലാ മെഡിക്കൽ ഓഫീസ് ആലപ്പുഴ |

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്ത തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. ബിന്ദുമോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്
ബന്ധപ്പെട്ട സ്ഥാപന മേധാവികൾ / ജില്ലാ മെഡിക്കൽ ഓഫീസർമാർ

**//ഉത്തരവിൻ പ്രകാരം//**

**സൂപ്രണ്ട്**

GOVERNMENT OF KERALA 2017-18